**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3692** **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസുകളിലെ സുരക്ഷാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ബസുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (എ) | എല്ലാ അധ്യയന വർഷാരംഭത്തിലും സ്കൂൾ കോമ്പൗണ്ടിൽ വച്ചുതന്നെ സ്കൂൾ വാഹനങ്ങളിൽ വിശദമായ പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ വാഹനങ്ങളുടെ കാര്യക്ഷമത, Fire extinguisher, VLTD, Speed Governor, First-aid-box എന്നിവ കൃത്യമായി പരിശോധിക്കാറുണ്ട്. ഡ്രൈവർമാരുടെ പ്രവർത്തി പരിചയം, Door Attender-മാരുടെ സേവനം എന്നിവ ഉറപ്പു വരുത്താറുണ്ട്. പാസ്സഞ്ചർ ഡോർ കൃത്യമായി അടച്ച ശേഷം മാത്രമേ സർവ്വീസ് നടത്താൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ബസുകളിൽ പരമാവധി വേഗത 50 km/hr ആയി Speed limiting device ഉപയോഗിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Vehicle Location Tracking System ഉപയോഗിച്ച് വാഹനത്തിന്റെ ലൊക്കേഷൻ ട്രാക്ക് ചെയ്യുവാനും വേഗപരിധി ലംഘനം നടത്തുന്നുണ്ടോയെന്നറിയുവാനും അലക്ഷ്യമായ ഡ്രൈവിംഗ് മനസ്സിലാക്കുവാനും സാധിക്കുന്നതാണ്. സ്കൂൾ ബസ് ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ എന്നിവയ്ക്കായി ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ, എമർജൻസി ഡോർ അബദ്ധത്തിൽ തുറന്ന് കുട്ടികൾ റോഡിലേക്ക് വീണ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എമർജൻസി ഡോറുകളുടെ പരിപാലനവും അവയുടെ പ്രവർത്തനവും സംബന്ധിച്ച ഒരു ഹ്രസ്വ ചിത്രം തയ്യാറാക്കുകയും ആയത് സമൂഹ മാധ്യമങ്ങൾ വഴിയും, ദൃശ്യ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിക്കുകയും സ്കൂൾ അധികൃതർക്ക് നേരിട്ട് അയച്ചു നൽകിയിട്ടുമുണ്ട്. ഓപ്പറേഷൻ സേഫ് സ്കൂൾ എന്ന പേരിൽ 12/02/2023 മുതൽ 17/02/2023 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിന് സ്കൂൾ ബസുകളിൽ നിരന്തര പരിശോധനകൾ നടത്തിവരുന്നു. |
| (ബി) | ഫിറ്റ്നസ് പരിശോധനയ്ക്ക് വരുമ്പോൾ മാത്രം ബസുകളിൽ സുരക്ഷാ സംവിധാനങ്ങളും പുതിയ ടയറുകളും മറ്റും ഉപയോഗിക്കുകയും അതിനുശേഷം അവ മാറ്റുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ